# അയോധ്യ

അമിത് ജയറാം



(നമ്മുടെ ജനാധിപത്യ സങ്കൽപത്തിലും മതേതരത്വത്തിലും ആഴമേറിയ മുറിവുകൾ വരുത്തിവെച്ച അയോധ്യ പ്രശ്നത്തെക്കുറിച്ച് അമിത് ജയറാം എന്ന ആംഗ്ലോ ഇന്ത്യൻ കവി പുറത്തിറക്കിയ A Temple in Ayodhya എന്ന കവിതാ സമാഹാരത്തിൽനിന്ന് ചില മൊഴിമാറ്റങ്ങൾ. 1993-ൽ Rupa Publishing Companyയാണ് ഈ സമാഹരം പുറത്തിറക്കിയത്)

മൊഴിമാറ്റം: **പി.എ നാസിമുദ്ദീൻ**

## ഡിസംബർ ആറ്

ആ ദിവസമായിരുന്നു
എല്ലാ വിവേചനങ്ങളും
ആരംഭിച്ചത്
ആ ദിവസത്തിനു ശേഷം
എല്ലായ്പ്പോഴും
ഇരുട്ടു മാത്രമായിരുന്നു
അതിനു ശേഷം
എത്ര തവണ
സൂര്യൻ ഉദിച്ചസ്തമിച്ചു
എന്നത് കാര്യമല്ല-
അതിനു ശേഷം
എല്ലായ്പ്പോഴും
ഇരുട്ടു മാത്രമായിരുന്നു.

പേക്കിനാക്കൾ വരികയും
പോകുകയും ചെയ്തു
പക്ഷേ രാത്രിയിപ്പോഴും
തുടരുന്നു....
പ്രകാശത്തിന്റെ ചെറിയ
കണികയെ പോലും അതിവേഗം
വിഴുങ്ങിക്കൊണ്ട്
വിസൃതമായും വിപുലമായും
ഇപ്പോഴും ഇരുട്ട് മാത്രം
അവശേഷിക്കുന്നു.
ഇത് എന്റെ ഇരുട്ടാണ്
ഇത് നിന്റെ ഇരുട്ടാണ്
ഇത് ഏവരുടെയും ഇരുട്ടാണ്
അതെ; ഇത് അത് സംഭവിപ്പിച്ചവരുടെ
പോലും ഇരുട്ടാണ്
അവരുടെ ജീവിതങ്ങൾ പോലും
ഇതിനു മുമ്പ്
ഇത്ര ഇരുട്ടായിരുന്നില്ല
ആഴമേറിയ
ഈ ഇരുട്ടിന്
എങ്ങനെ പ്രകാശത്തെ
കൊണ്ടുവരാനാകും
ഉത്കണ്ഠ നിറഞ്ഞ
ഈ ദീനരോദനങ്ങൾക്ക്
എങ്ങനെ ആഹ്ലാദത്തെ
ജനിപ്പിക്കാനാകും.

ആ ദിവസത്തിനു മുമ്പ്
നാം പരസ്പരം
അപരിചിതരായിരുന്നില്ല.
ഇരുട്ടിൽ
ഉന്നത രൂപികളായ് നിന്ന്
നാം ആരായിരുന്നു
എന്താണ് നാം ആഗ്രഹിക്കുന്നത്
എന്തുകൊണ്ട് നാം ജീവിക്കണം
എന്നെല്ലാം ആത്മഭാഷണം
നടത്തിയിരുന്നില്ല.

ഏതൊരപരിചിതനും
മരണത്തിലേക്ക്
ചിതറിപ്പിക്കാനാകുംവിധം
ഈ സ്നേഹം
ദുർബലമായി പോകുന്നതെന്തുകൊ
ണ്ടാണ്
നിയമരഹിതമായ
ഏതു കരങ്ങൾക്കും
നമ്മെ വെടിമരുന്നുപോലെ
തീ കൊളുത്താനാകുന്നത്
എന്തുകൊണ്ടാണ്?





## ഒരു ഭാവി പൗരന്റെ ചിന്തകൾ

എനിക്ക് കാര്യങ്ങൾ
വലുതായൊന്നുമറിയില്ല
ഞാൻ തീരെ ചെറുതാണ്
ഈ മഹത്തായ രാജ്യത്തിൽ
മുതിർന്നവർ കാട്ടിക്കൂട്ടുന്നത്
എനിക്കൊട്ടും മനസ്സിലാകുന്നില്ല.

എന്റെ അധ്യാപകർ പറയുന്നു
സത്യമേ ജയിക്കൂ എന്ന്!
പക്ഷേ ഞാൻ കാണുന്നതും
കേൾക്കുന്നതും സ്പർശിക്കുന്നതും
എന്നെ ബോധീകരിക്കുന്നു
അസത്യമാണ് വിജയിയെന്ന്!!
നമ്മുടെ എല്ലാ വേദപുസ്തകങ്ങളും
നമ്മോട് പറയുന്നു
ലോകത്തെ ഒന്നായ് കണ്ട്
സ്നേഹിക്കാൻ
പക്ഷേ മുതിർന്നവർ
അതിനു പകരം
വാളും തോക്കുമുയർത്തുന്നു
എല്ലാ വിശ്വാസങ്ങളെയും
ആദരിക്കാൻ
എന്റെ രക്ഷിതാക്കൾ
എന്നോട് മൊഴിയുന്നു
പക്ഷേ ഓരോ ദിവസവും
പുണ്യ കേന്ദ്രങ്ങൾക്കായ്
ഒട്ടേറെ പേർ മരിച്ചുവീഴുന്നു
മുതിർന്നവരുടെ പെരുമാറ്റങ്ങളിൽനിന്ന്
ഞങ്ങൾ കുട്ടികൾ എന്താണ് പഠിക്കേണ്ടത്
ഞങ്ങളെ മാതൃകയാക്കാൻ അവരോട്
പറഞ്ഞാൽ അതധിക പ്രസംഗമാകുമോ?
അധിക നാൾ ദൂരെ നിന്ന്
ഈ പോരാട്ടങ്ങൾ
എനിക്ക് കാണാനാകില്ല.
മുതിർന്നവരുടെ വിശുദ്ധ യുദ്ധത്തിൽ
എന്നെ പോലുള്ള കുട്ടികൾ
നിത്യേന മരിച്ചുവീഴുന്നു
എനിക്ക് കാര്യങ്ങൾ
വലുതായൊന്നുമറിയില്ല
ഞാൻ തീരെ ചെറുതാണ്.

## രക്തവും കണ്ണീരും

രക്തത്താലും കണ്ണീരാലും
അസ്ഥികളാലുമാണോ
നമ്മുടെ വിശ്വാസങ്ങളുടെ
സ്വത്തായ
ദേവാലയം പണിയേണ്ടത്

വാളുകളുടെ സീൽക്കാരത്താലാണോ
നമ്മുടെ പ്രാർഥനാ മന്ദിരം
വലയം ചെയ്യപ്പെടേണ്ടത്

സമാധാനത്തിന്റെ ഇരിപ്പിടമായ
പവിത്ര കുടീരം
സഹോദര ഹിംസയിലാണോ
സൃഷ്ടിക്കേണ്ടത്

ശിരസ്സ് ഉത്തംഗമായ
വ്യാഘ്രങ്ങളാണോ നമ്മൾ
അതോ പിടിച്ചു പറിക്കാരും
കൊള്ളക്കാരുമായ
കുറുനരികളോ?

ദുർബലമായ വിശ്വാസത്തിന്റെ
ഈ അവസാന പ്രതീതിയാണോ
സഹസ്രാബ്ദങ്ങൾക്കു മേലെ
ഇനിയും ഉയരേണ്ടത്.

നമുക്ക് കടപ്പാടുകളില്ലേ?
എല്ലാമൊഴുക്കിൽ മുങ്ങിപോകാൻ
നാം നമ്മെയനുവദിക്കയോ?